**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 738** **09-08-2023 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ ഗോത്ര ഊരുകളിൽ വൈദ്യുതി എത്തിക്കാനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെരഞ്ഞെടുത്ത 100 പട്ടികവർഗ്ഗ ഗോത്ര ഊരുകളിൽ വൈദ്യുതി എത്തിക്കാനുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; പദ്ധതിയുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് KSEBL, വൈദ്യുതി ലഭ്യമല്ലാത്ത 101 പട്ടികവർഗ്ഗ കോളനികൾ കണ്ടെത്തി DPR തയ്യാറാക്കിയിരുന്നു. ഇതിൽ 65 കോളനികളിൽ ഗ്രിഡ് വൈദ്യുതീകരണവും 36 കോളനികളിൽ സോളാർ വൈദ്യുതീകരണവുമാണ് KSEBL നിർദ്ദേശിച്ചിരുന്നത്. പിന്നീട് ഗ്രിഡ് വൈദ്യുതീകരണത്തിനുള്ള പ്രായോഗിക ബുദ്ധിമുട്ടും കോളനികളിൽ പുനരധിവാസം നിർദ്ദേശിച്ചതും കണക്കിലെടുത്ത് ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന കോളനികളുടെ എണ്ണം 37 ആയി നിർണ്ണയിക്കുകയുണ്ടായി. പിന്നീട് പാങ്ങോട്, മുണ്ടക്കുന്ന് എന്നീ 2 കോളനികൾ KSEBL പുതുതായി കണ്ടെത്തിയതിലൂടെ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന കോളനികളുടെ ആകെ എണ്ണം 39 ആയി. ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന 18 കോളനികളിൽ ഗ്രിഡ് വൈദ്യുതീകരണവും *[(പൂല്ലകാട്, കന്ദളം, കൽച്ചടി, പുളിക്കാലടി(Palakkad), ചീപ്രകുന്ന് കോളനി, മാടംകുന്ന് കോളനി (Wayanad), പാട്ടക്കരിമ്പ് കോളനി (ഫേസ് 1), വാണിയംപുഴ, പാട്ടക്കരിമ്പ് കോളനി (ഫേസ് 2), കുമ്പളപ്പാറ (Malappuram), നാട്ടുകുടി, ഷെഡുകുടി (വെള്ളക്കടം), ഊഞ്ചമ്പറകുടി (Idukki), വെട്ടിവിട്ടക്കാട് (Thrissur), ഗൂഹ, മഞ്ഞതോട് (Pathanamthitta), തലവച്ചപ്പാറ, കുഞ്ചിപ്പാറ (Ernakulam), ഇളമ്പങ്ങൽ (Kannur)]* ഒരു കോളനിയിൽ സോളാർ വൈദ്യുതീകരണവും (കാരളം കോട്ട) പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 20 കോളനികളിൽ 6 കോളനികളുടെ *(ആനവായി, തടിക്കുണ്ട്, കട്ടുകമണ്ണ, മുരുഗള, പാലപ്പട, കിണറ്റുകര (പാലക്കാട് ജില്ല)* വൈദ്യുതീകരണം ആഗസ്റ്റ് മാസത്തിലും 2 കോളനികളുടെ (പാങ്ങോട്, മുണ്ടക്കുന്ന്) വൈദ്യുതീകരണം സെപ്റ്റംബർ മാസത്തിലും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ബാക്കിയുള്ള 12 കോളനികളുടെ *(മാങ്ങാപ്പാറ, പുതുക്കുടി, പുറവയൽ കുടി, ഇരുട്ടളകുടി, ഊച്ചാംപെട്ടിക്കുടി, പുതുക്കുടി - ഇടുക്കി ജില്ല, തായ്യണംകുടി, ആലാംപെട്ടി കുടി, വെള്ളക്കല്ലുകുടി, ചെമ്പക്കാട്ടുകുടി, പാളപെട്ടികുടി, മാങ്ങാപ്പാറകുടി-ഇടുക്കി ജില്ല)* |

<table>
<tr><td></td><td></td><td></td><td>

വൈദ്യുതീകരണത്തിനുള്ള പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ട്. റോഡ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഇല്ലാത്തതിനാൽ, കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

സംസ്ഥാനത്ത് തിരഞ്ഞെടുത്ത ഗോത്ര ഊരുകളിൽ 30 ഊരുകളിലാണ് അനെർട്ട് വഴി സൗര വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിലെ താഴെഞ്ഞുട്ടക്കി ഊരിലും മേപ്പാടിയിലെ വേലപ്പൻകണ്ടി ഊരിലും സൗര വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ട്.

</td></tr>
<tr><td>(ബി)</td><td>

മലപ്പുറം ജില്ലയിലെ ഏതെല്ലാം പട്ടികവർഗ്ഗ ഗോത്ര ഊരുകളിലാണ് പദ്ധതി നടപ്പിലാക്കിയതെന്നും ഊരുകളുടെ പേരുൾപ്പടെയുള്ള വിശദാംശങ്ങളും ഓരോ ഊരിനും ചെലവഴിക്കേണ്ട തുകയും വ്യക്തമാക്കാമോ; ഏത് മാർഗ്ഗത്തിലാണ് ഈ ഊരുകളിലേക്ക് വൈദ്യുതി എത്തിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

</td><td>(ബി)</td><td>

മലപ്പുറം ജില്ലയിൽ നിലമ്പൂർ ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ വാണിയംപുഴ, കുമ്പളപ്പാറ, പാട്ടക്കരിമ്പ് ഫേസ് 1, പാട്ടക്കരിമ്പ് ഫേസ് 2 എന്നീ ST കോളനികളാണ് മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതീകരിച്ചത്. LT/ HT Aerial Bunched Cable, LT ഭൂഗർഭ കേബിൾ എന്നിവ ഉപയോഗിച്ചാണ് KSEBL പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു:

<table>
<tr><th>കോളനിയുടെ പേര്</th><th>പ്രവൃത്തി</th><th>തുക (ലക്ഷ രൂപ)</th></tr>
<tr><td>വാണിയംപുഴ</td><td>200 mtr HT ABC, 1 No 100 KVA transformer, 2 km LT ABC</td><td>30.1</td></tr>
<tr><td>കുമ്പളപ്പാറ</td><td>5.5 km HT UGC,<br><br>1 km LT ABC Installation of 100 KVA transformers- 2 nos</td><td>170</td></tr>
<tr><td>പാട്ടക്കരിമ്പ് ഫേസ് 1</td><td>HT ABC-1.2 km, 100kvA – 1 no,<br><br>LT UG- 840 m</td><td>53.31</td></tr>
<tr><td>പാട്ടക്കരിമ്പ് ഫേസ് 2</td><td>520 m LT UG cable</td><td>10</td></tr>
</table>

വീടുകളിലെ വയറിംഗ് പട്ടിക വർഗ്ഗ വികസന വകുപ്പ്/മറ്റ് ഏജൻസികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

മലപ്പുറം ജില്ലയിൽ 2 ഗോത്ര ഊരുകളാണ് അനെർട്ട് മുഖേനയുള്ള പദ്ധതി നടത്തിപ്പിനായി തിരഞ്ഞെടുത്തിട്ടുള്ളത്. *(മാഞ്ചേരി, വറ്റിക്കല്ല് എന്നിവയാണ്)* പ്രസ്തുത ഊരുകളിൽ സൗര വൈദ്യുതീകരണ പദ്ധതി നടത്തിപ്പിനായുള്ള ചെലവ് വിവരങ്ങൾ കണക്കാക്കി വരുന്നു.

</td></tr>
<tr><td></td><td></td><td></td><td></td></tr>
</table>

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ജില്ലയിൽ ഇനിയും വൈദ്യുതി എത്താത്ത എത്ര പട്ടികവർഗ്ഗ ഗോത്ര ഊരുകളുണ്ടെന്ന് വിശദീകരിക്കാമോ? | (സി) | അനെർട്ട് നടപ്പിലാക്കുന്ന പദ്ധതി പ്രകാരം സൗര വൈദ്യുതി എത്തിക്കാൻ 2 പട്ടികവർഗ ഗോത്ര ഊരുകളാണ് മലപ്പുറം ജില്ലയിൽ ഉള്ളത്. |

സെക്ഷൻ ഓഫീസർ